## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612 17.06.2013-ൽ മറുപടിയ്ക്ക്

# നടപ്പിലാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങ് ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ: | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ അന്തർസംസ്ഥാന നദീജല സെൽ വകുപ്പുമായി ബന്ധപ്പെട്ട പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിർമ്മാണം എന്ന ബഡ്ജറ്റ് നിർദ്ദേശം ഇനിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.<br>ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് 2012-13-ൽ ഉൾപ്പെടുത്തിയിരുന്ന ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽവഴി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ട്രെയിനിംഗ്, ട്രെയിനിംഗ് ഫെസിലിറ്റി ഫോർ എസ് & ടി മാനേജ്മെന്റ് എന്നീ പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ഇവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | 2012-13-ൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയെന്നും ചെലവഴിക്കാൻ സാധിക്കാതെ പോയ തുക എത്രയെന്നും വ്യക്തമാക്കുമോ: | (ബി) | ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട് 2012-13 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 26,34,02,000/-രൂപ വകയിരുത്തുകയും 63,82,843/-രൂപ ചെലവഴിക്കാൻ സാധിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചെലവിലേയ്ക്ക് ബഡ്ജറ്റ് വിഹിതമായി "2075-00-800-40 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (NP)" എന്ന ശീർഷകത്തിൽ 2012-13-ൽ ആകെ 70 കോടി രൂപ (ഉപധനാഭ്യർത്ഥനയിലുള്ള 65 കോടി രൂപ ഉൾപ്പെടെ) വകയിരുത്തിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിവിധ ധനസഹായ വിതരണത്തിനായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആഭ്യന്തര (സി) വകുപ്പുമായി ബന്ധപ്പെട്ട ഹൈക്കോടതിയിൽ 2012-13-ൽ 405,53,70,000/-രൂപ വകയിരുത്തുകയും 5,41,333,382/-രൂപ ചെലവഴിക്കാൻ സാധിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്. ഡയറക്ടർ ഓഫ് പ്രോസിക്യൂഷനിൽ 2012-13-ൽ 2,56,53,000/-രൂപ വകയിരുത്തുകയും 10,02,534/-രൂപ ചെലവഴിക്കാൻ സാധിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷത്തിൽ അന്തർ സംസ്ഥാന നദീജല സെൽ വകുപ്പിന് കീഴിൽ കാവേരിയുൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജല ഇനത്തിൽ 51,92,16,000/- രൂ വകയിരുത്തിയിട്ടുള്ളതിൽ 2013 മാർച്ച് 31 വരെ 1,67,44,848/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2012-13 ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പുതിയ മുല്ലപ്പെരിയാർ |

| | | | |
|---|---|---|---|
| | | | അണക്കെട്ടിന്റെ നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയം ബഹു:സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. 2012-13-ൽ ചെലവഴിക്കാൻ സാധിക്കാതെ പോയ തുക 50,24,71,152/- രൂപ.<br><br>ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിലിന് 2012-13 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി 6645 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് അതിൽ 5405.18 ലക്ഷം ചെലവഴിച്ചു. 1239.82 ലക്ഷം രൂപ ചെലവഴിക്കാൻ സാധിച്ചിട്ടില്ല.<br><br>പരിസ്ഥിതി വകുപ്പിന് കീഴിലെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ 2012-13-ൽ വകയിരുത്തിയ 5.95 കോടി രൂപയിൽ 5.2877 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 66.23 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിൽ വകയിരുത്തിയ 225 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br><br>പൊതുഭരണ വകുപ്പിന് കീഴിലെ സ്പെഷ്യൽ (എ) വകുപ്പുമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ടായ "2070-00-003-99 ഐ.എ.എസ് പ്രൊബേഷൻകാരുടെ പരിശീലനം" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുക ചെലവഴിക്കുകയും ചെയ്തു.<br><br>പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പിന് 2012-13 വർഷത്തേക്ക് നോൺ പ്ലാൻ ഇനത്തിൽ വിവിധ ശീർഷകങ്ങളിലായി |

| | | |
|---|---|---|
| | | 8,87,19,000/- രൂപ വകയിരുത്തുകയും 32,43,634/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഇനത്തിൽ 2235-60-200-77 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പൊതുഭരണ വകുപ്പിന് കീഴിലെ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന് 2012-13 സാമ്പത്തിക വർഷത്തിൽ 2235-02-190-97 (NP) എന്ന ശീർഷകത്തിൽ രജിസ്ട്രേഷനും പ്രാരംഭ ചെലവുകൾക്കുമായി 89,35,000/- രൂപ വകയിരുത്തിയിരുന്നു. അതിൽ 72,67,720/- രൂപ ചെലവഴിക്കുകയും 16,67,280/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്. കൂടാതെ 2012-13-ലെ Supplementary Demand For Grants പ്രകാരം 4235-02-190-95 (NP) എന്ന ശീർഷകത്തിൽ കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡിന്റെ സ്ഥാപിത ചെലവുകൾക്കായി അനുവദിച്ച 50 ലക്ഷം രൂപ കോർപ്പറേഷനിലേക്ക് വകയിരുത്തി യിട്ടുണ്ട്.<br><br>സംസ്ഥാന വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട 2052-00-092-88-State Information Commission (Non Plan) എന്ന ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷം 3,19,05,000/- രൂപ അനുവദിച്ചതിൽ 2,78,15,000/- രൂപ ചെലവഴിച്ചു. ബാക്കി 40,90,000/-രൂപ സറണ്ടർ ചെയ്തു.<br><br>ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പുമായി ബന്ധപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 2012-13-ൽ 3,38,03,900/- രൂപ വകയിരുത്തി |

| | | | |
|---|---|---|---|
| | | | യിരുന്നു. ഇതിൽ 64,06,400/- രൂപ ചെലവഴിച്ചിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് 2012-13 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 15 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 377.11 ലക്ഷം രൂപയും വകയിരുത്തി. ഈ തുകകൾ പൂർണ്ണമായും അനുവദിച്ച കാര്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |